## പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 4043.

20-03-2018 ൽ മറുപടിയ്ക്ക്

## കരനെൽകൃഷി വ്യാപിപ്പിക്കുന്നതിനുള്ള സഹായങ്ങൾ

**ചോദ്യം**

ശ്രീ.സി. ദിവാകരൻ
,, ചിറ്റയം ഗോപകുമാർ
,, എൽദോ എബ്രഹാം
,, വി.ആർ. സുനിൽ കുമാർ

**മറുപടി**

ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് കരനെൽകൃഷി വ്യാപിപ്പിക്കുന്നതിന് ഈ സർക്കാർ നടത്തിയ ക്രിയാത്മക ഇടപെടലുകൾ വിശദമാക്കുമോ; | (എ) | സമഗ്ര നെൽ കൃഷി വികസനം എന്ന സംസ്ഥാനാവിഷ്കൃത പദ്ധതിയുടെ ഭാഗമായി കരനെൽകൃഷി പ്രോൽസാഹിപ്പിക്കുന്നതിനായി ഹെക്ടറിന് 13600/- രൂപ സബ്സിഡി നൽകി വരുന്നു. 2016-17 സാമ്പത്തിക വർഷം 2752.092 ഹെക്ടർ സ്ഥലത്ത് കരനെല്ല് കൃഷി ചെയ്യാൻ സാധിച്ചു. നടപ്പ് വർഷം 2500 ഹെക്ടർ സ്ഥലത്ത് കരനെല്ല് കൃഷി ചെയ്യാനുദ്ദേശിച്ചിരുന്ന സ്ഥാനത്ത് 2624.64106 ഹെക്ടർ ചെയ്യാൻ സാധിച്ചു.<br>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഇടപെടലും സഹായവും ഈ പദ്ധതിയുടെ നടത്തിപ്പിൽ ഉണ്ടായിരുന്നു. തൊഴിലുറപ്പ് പദ്ധതിയും കുടുംബശ്രീയും വിദ്യാഭ്യാസ സ്ഥാപനങ്ങൾ, റസിഡന്റ്സ് അസ്സോസിയേഷനുകൾ, മത/ സാംസ്കാരിക സ്ഥാപനങ്ങൾ എന്നിവയും സജീവമായി സഹകരിച്ചു. |
| (ബി) | ആദ്യഘട്ടത്തിൽ ലക്ഷ്യമിട്ടതിനേക്കാൾ കൂടുതൽ സ്ഥലത്ത് കരനെൽകൃഷി വ്യാപിപ്പിക്കുന്നതിന് സാധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | 2017-18 സാമ്പത്തിക വർഷം 2500 ഹെക്ടർ സ്ഥലത്ത് കരനെല്ല് കൃഷി ചെയ്യുനുദ്ദേശിച്ചിരുന്ന സ്ഥാനത്ത് 2624.64106 ഹെക്ടർ ചെയ്യാൻ സാധിച്ചു. |
| (സി) | കരനെൽകൃഷി ചെയ്യുന്ന കർഷകർക്ക് എന്തൊക്കെ സഹായങ്ങളാണ് നൽകുന്നതെന്ന് അറിയിക്കുമോ; | (സി) | സമഗ്ര നെൽ കൃഷി വികസനം എന്ന സംസ്ഥാനാവിഷ്കൃത പദ്ധതിയുടെ ഭാഗമായി കരനെൽകൃഷി പ്രോൽസാഹിപ്പിക്കുന്നതി |

| | | | |
|---|---|---|---|
| | | | നായി ഹെക്ടറിന് 13600/- രൂപ സബ്സിഡി നൽകി വരുന്നു. ഇതിനു പുറമെ പദ്ധതിയധിഷ്ഠിതമായി വിദ്യാഭ്യാസ സ്ഥാപനങ്ങളിലും, റസിഡന്റ്സ് അസ്സോസിയേഷനുകളിലും, മത/സാംസ്കാരിക സ്ഥാപനങ്ങളിലും മറ്റും കൃഷി ചെയ്യുന്നതിനും സമഗ്ര നെൽ കൃഷി വികസനം പദ്ധതിയിൽ വ്യവസ്ഥയുണ്ട്. |
| (ഡി) | ഏതൊക്കെ മേഖലകളിലാണ് പ്രധാനമായും കരനെൽകൃഷി നടത്തുന്നതെന്ന് വ്യക്തമാക്കുമോ; | (ഡി) | തിരുവനന്തപുരം, കൊല്ലം, കോഴിക്കോട്, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കണ്ണൂർ ജില്ലകളിലാണു കൂടുതൽ ശ്രദ്ധ ചെലുത്തിയത്. എല്ലാ ജില്ലകളിൽ നിന്നും നല്ല പ്രതികരണമാണു ലഭിച്ചത്. |
| (ഇ) | കരനെൽകൃഷി കൂടുതൽ വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ഇ) | സാധിക്കുന്ന എല്ലാ സ്ഥലങ്ങളിലും കരനെല്ല് കൃഷി ചെയ്യിക്കാൻ കൃഷി വകുപ്പ് ശ്രദ്ധ ചെലുത്തുന്നു. 2018-19 സാമ്പത്തിക വർഷത്തേക്ക് 2757.35 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്യുന്നതിനായി 375 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ